## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 177** **06.02.2019-ൽ മറുപടിക്ക്**

പക്ഷാഘാത ചികിത്സാ കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ.ഷംസുദ്ദീൻ**<br>**ശ്രീ. സി.മമ്മൂട്ടി**<br>**ശ്രീ.എൻ.എ.നെല്ലിക്കുന്ന്**<br>**ശ്രീ.പി.കെ.ബഷീർ** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | എല്ലാ ജില്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലും പക്ഷാഘാത ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | എല്ലാ ജില്ലകളിലും പക്ഷാഘാത ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 'ശിരസ്സ്' എന്ന് നാമകരണം ചെയ്ത 'Stroke Identification Rehabilitation Awareness and Stabiilzation Programme (SIRAS)' എന്ന പദ്ധതി 6 ജില്ലകളിൽ പ്രവർത്തന സജ്ജമാവുകയും മറ്റ് ജില്ലകളിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു. |
| (ബി) | ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുന്നതുവഴി എത്ര ശതമാനം മരണനിരക്ക് കുറയ്ക്കാമെന്നാണ് കരുതുന്നത്; | (ബി) | പക്ഷാഘാതം എന്നത് മസ്തിഷ്കത്തിലെ രക്തധമനികളിൽ ഉണ്ടാകുന്ന തടസ്സമോ രക്തസ്രാവമോ കാരണം തലച്ചോറിന്റെ ഏതെങ്കിലും ഭാഗം പ്രവർത്തനരഹിത-മാകുമ്പോഴുണ്ടാകുന്ന ശാരീരിക സ്തംഭനാവസ്ഥയാണ്. മസ്തിഷ്കത്തിൽ രക്തചംക്രമണം കുറയുന്നതിന്റെ തോത് അനുസരിച്ച് ഈ അവസ്ഥ കൂടുതൽ ഗുരുതരമാക്കുകയും പൂർണ്ണമായ പക്ഷാഘാതമോ മരണം സംഭവിക്കുന്നതിനോ വരെ കാരണമായേക്കാം. അതുകൊണ്ട് തന്നെ രോഗലക്ഷണമാരംഭിച്ച് ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ ചികിത്സാ കേന്ദ്രത്തിലെത്തേണ്ടത് ഈ രോഗം കൊണ്ടുള്ള വൈഷമ്യതയുടെ തീവ്രത കുറയ്ക്കുവാൻ സഹായകമാവും. ഇതിൽ രക്തം കട്ടപിടിച്ചുണ്ടാകുന്ന ത്രോംബോട്ടിക്സ് സ്ട്രോക്ക് നാലര മണിക്കൂറിനുള്ളിൽ ചികിത്സാ കേന്ദ്രത്തിൽ എത്തിക്കുകയാണെങ്കിൽ പൂർണ്ണമായോ/ ഭാഗികമായോ ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കുന്നതാണ്. അതുകൊണ്ടുതന്നെ പക്ഷാഘാതത്തിന്റെ ലക്ഷണം കണ്ടുതുടങ്ങി എത്രയും പെട്ടെന്ന് |

| | | | |
|---|---|---|---|
| | | | ജനങ്ങൾക്ക് എത്താൻ സാധിക്കുന്ന കേന്ദ്രങ്ങളിൽ ചികിത്സാ സൗകര്യം ലഭ്യമാക്കുക എന്നത് അത്യന്താപേക്ഷിതമാണ്. സ്വകാര്യ മേഖലയിലെ ഉയർന്ന ചികിത്സാ ചെലവും ചികിത്സയ്ക്ക് ഉപയോഗിക്കുന്ന ടി.പി.എ. (Tissue Plasminogem Activator) എന്ന മരുന്നിന്റെ ഉയർന്ന വിലയും നിലവിൽ സർക്കാർ മേഖലയിൽ ചികിത്സാ കേന്ദ്രങ്ങളുടെ ദൗർലഭ്യവും സാധാരണ ജനങ്ങൾക്ക് ചികിത്സ അപ്രാപ്യമാക്കുന്നതിന് വഴിയൊരുക്കുകയും തന്മൂലം മരണ നിരക്കും, പൂർണ്ണമോ ഭാഗികമോ തളർച്ച സംഭവിക്കുന്നതിന് കാരണമാവുകയും ചെയ്യുന്നു. സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ച 'ശിരസ്സ്' പദ്ധതിയിലൂടെ എല്ലാ ജില്ലയിലെയും ഒരു പ്രധാന ആശുപത്രിയിൽ പക്ഷാഘാതത്തിനുള്ള ചികിത്സ ആരംഭിക്കുന്നതിനും സൗജന്യ നിരക്കിൽ എല്ലാ രോഗികൾക്കും ചികിത്സ നൽകുന്നതിനും ലക്ഷ്യമിടുന്നു. ഇപ്പോൾ പ്രവർത്തന സജ്ജമായ 6 ജില്ലാ കേന്ദ്രങ്ങളിൽ ഇതിനോടകം 59 പേർക്ക് ത്രോമ്പോലൈസിസ് ചികിത്സ നൽകാനായി എന്നത് പദ്ധതിയുടെ നേട്ടമായി കണക്കാക്കാവുന്നതാണ്. |
| (സി) | പക്ഷാഘാത ചികിത്സയിലെ നൂതന മാർഗ്ഗങ്ങൾ പ്രസ്തുത ചികിത്സാ കേന്ദ്രങ്ങളിലെ ആരോഗ്യ പ്രവർത്തകർക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | പക്ഷാഘാത ചികിത്സയുടെ നൂതന സംരംഭമായ ശിരസ്സിന്റെ വിജയം ആരോഗ്യ പ്രവർത്തകരുടെ പൂർണ്ണമായ സഹകരണം കൊണ്ടാണ്. പക്ഷാഘാത ചികിത്സാ കേന്ദ്രങ്ങളിലെ മെഡിക്കൽ ഓഫീസർമാർക്കും ഫിസിഷ്യന്മാർക്കും സ്റ്റാഫ് നേഴ്സുമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും പക്ഷാഘാത ചികിത്സയുടെ വിവിധ ക്രമങ്ങളെ കുറിച്ചുള്ള പരിശീലനം നൽകി വരുന്നു. ഇതിന് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & ടെക്നോളജിയുടെയും, ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെയും, കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെയും, ബോറിംഗൽ ഇൻങ്കൽ ഹാം കമ്പനിയുടെ വിദഗ്ദ്ധരുടെയും സാങ്കേതിക സഹായം ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലും പക്ഷാഘാതം സംഭവിച്ചവർക്ക് പുനരധിവാസം നൽകുന്നതിന് സ്ട്രോക്ക് റിഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുകയും ഫിസിയോ തെറാപ്പിസ്റ്റുകൾക്ക് പ്രത്യേക പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. സ്ട്രോക്ക് യൂണിറ്റുകളിൽ |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്ന സ്റ്റാഫ് നേഴ്സുമാർക്ക് ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ